പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 596 06-03-2012-ൽ മറുപടിക്ക്

## ആലപ്പുഴ പട്ടണത്തിന്റെ നവീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) ആലപ്പുഴ പട്ടണത്തിന്റെ നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ആലപ്പുഴ നഗരത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി നിലവിലുള്ള നഗരാസൂത്രണ നിയമ പ്രകാരം, കരട് ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ഇരുപത് വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടികണ്ട് ആസൂത്രണം ചെയ്യുന്ന പ്രസ്തുത ഡെവലപ്മെന്റ് പ്ലാനിൽ അടിസ്ഥാന സൗകര്യങ്ങളോടൊപ്പം ടൂറിസം, പരിസ്ഥിതി സംരക്ഷണം, പൈതൃക സംരക്ഷണം എന്നിവയും വിഷയങ്ങളായിരിക്കും. |
| (ബി) ആലപ്പുഴ പട്ടണത്തിന്റെ നവീകരണത്തിന് ആവശ്യമായ തുക 2012-13 ബഡ്ജറ്റിൽ വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ഇതു സംബന്ധിച്ച് തീരുമാനമായിട്ടില്ല. |
| (സി) ആലപ്പുഴ നഗരത്തെ 'പൈതൃക നഗര' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) ഇതു സംബന്ധിച്ച് സാംസ്കാരിക, ടൂറിസം വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ആഫീസർ